പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2238 — 8.3.2017 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). |
|---|---|---|---|
| എ) | കേരളത്തിന്റെ വിനോദ സഞ്ചാര മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും | സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസനത്തിനുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യമേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങി വിവിധ മേഖലകൾ സ്വകാര്യ നിക്ഷേപത്തിന് സാധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമായും ലക്ഷ്യമിടുന്നുണ്ട്. നൂതനമായ പ്രചരണവും-വിപണനവും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചുവരുന്നു.<br>ടൂറിസം വികസനത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ സംഘടിപ്പിക്കുന്ന പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നത് കൂടാതെ, റോഡ് ഷോകളും B2B മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചരണ പരിപാടികളുടെ ഭാഗമായി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിധ്യം |
| ബി) | കേരളത്തിന്റെ വിനോദ സഞ്ചാര മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യ പ്രചരണ പരിപാടികളും നടത്തിവരുന്നു. ഇവ കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തകരേയും, ബ്ലോഗേഴ്സിനേയും മറ്റും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉത്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ